# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1164** **03/12/2015**

## രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി

| **ചോദ്യം**<br>ശ്രീ.വി.ശശി | | **ഉത്തരം**<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്ത് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം ഹൈസ്കൂളായി ഉയർത്തപ്പെട്ട സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശമ്പളം ലഭിക്കാതിരിക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആർ.എം.എസ്.എ പദ്ധതി പ്രകാരം ഹൈസ്ക്കൂളായി ഉയർത്തപ്പെട്ട 111 സ്കൂളുകളിൽ സംസ്ഥാന സർക്കാർ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും ഈ സ്കൂളുകളിലെ ഹെഡ്മാസ്റ്റർക്കും 5 ഹൈസ്ക്കൂൾ അദ്ധ്യാപകർക്കുമുള്ള ശമ്പളം മാത്രമാണ് കേന്ദ്ര ഗവൺമെന്റിന്റെ എം.എച്ച്.ആർ.ഡി അനുവദിച്ചിട്ടുള്ളത്. ഇതിൽ 2011-12 ൽ അപ്ഗ്രേഡ് ചെയ്ത 16 സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർക്ക് ആർ.എം.എസ്.എ യുടെ 2015-16 ലെ വാർഷിക പദ്ധതിയിൽ അംഗീകാരം ലഭിച്ചിട്ടില്ല. |
| ബി) | പ്രസ്തുത അധ്യാപകരുടെ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | ബി) | അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിലെ കേന്ദ്ര സർക്കാർ എം.എച്ച്.ആർ.ഡി അംഗീകാരം ലഭിച്ച തസ്തികകൾക്കുപരിയായി അധിക തസ്തികകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്കുള്ള ശമ്പളം സംസ്ഥാന സർക്കാർ ഫണ്ടിൽ നിന്നും നൽകുന്നതിനുവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ